## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2997. 13.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളും വാസഗൃഹങ്ങളും പിഴയടച്ച് ക്രമവൽക്കരിക്കുന്നതിനുള്ള പുതിയ ഉത്തരവ് സാധാരണ ജനങ്ങളെ സഹായിക്കാനുള്ളതല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലെ ക്രമവത്ക്കരണ ചട്ടങ്ങൾ പ്രകാരം കുടിലുകൾ, 60 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങൾ എന്നിവയെ അപേക്ഷാ ഫീസ്, ക്രമവൽക്കരിക്കുന്ന പക്ഷം ഒടുക്കേണ്ടതായ കോമ്പൗണ്ടിംഗ് ഫീസ് എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, 300 ച.മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങളെ ക്രമവത്ക്കരിക്കുന്ന പക്ഷം പ്രസ്തുത ക്രമവൽക്കരണ ചട്ടങ്ങളിലെ Appendix-I-ൽ നിഷ്കർഷിക്കുന്ന പ്രകാരം ഒരു നിശ്ചിത തുക കോമ്പൗണ്ടിംഗ് ഫീസായി നൽകിയാൽ മതിയാകുന്നതാണ്. കൂടാതെ, Appendix-I പ്രകാരം, 100 ച.മീറ്റർ വിസ്തൃതിയിൽ താഴെയുള്ള വാസഗൃഹങ്ങൾ ഒഴികെയുള്ള മറ്റു കെട്ടിടങ്ങൾക്കും താരതമ്യേന ഉദാരമായി കോമ്പൗണ്ടിംഗ് ഫീസ് കണക്കാക്കുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ, 300 ച.മീറ്റർ വിസ്തൃതിയിൽ കൂടുതലുള്ള വാസഗൃഹങ്ങൾക്കും, 100 ച.മീറ്റർ വിസ്തൃതിയിൽ കൂടുതലുള്ള മറ്റു നിർമ്മാണങ്ങൾക്കും ക്രമവത്ക്കരിക്കുന്ന പക്ഷം അവയുടെ വിസ്തൃതി, ലംഘനത്തിന്റെ തോത് എന്നിവക്ക് ആനുപാതികമായും Appendix-I-ൽ നിഷ്കർഷിക്കുന്ന പ്രകാരവും കോമ്പൗണ്ടിംഗ് ഫീസ് ഒടുക്കേണ്ടതാണ്. |
| (ബി) | അനധികൃതമായി നിർമ്മിച്ച വൻകിട കെട്ടിടങ്ങളും മറ്റും ക്രമവൽക്കരിക്കുന്നതിനാണ് പ്രസ്തുത ഉത്തരവുകൊണ്ട് പ്രയോജനമുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | ഏതൊക്കെ വ്യവലംഘനങ്ങളാണ് പ്രസ്തുത ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | പ്രസ്തുത ഉത്തരവനുസരിച്ച് ടി ചട്ടങ്ങളിലെ ചട്ടം 6(4)-ൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട Appendix-II-ലെ വ്യവസ്ഥകൾ ലംഘിക്കുന്ന നിർമ്മാണങ്ങൾ എന്നിവയൊഴികെയുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കാവുന്നതാണ്. കെട്ടിട നിർമ്മാണ |

| | | | |
|---|---|---|---|
| | | | ചട്ടങ്ങളുമായി ബന്ധപ്പെട്ട മറ്റു ലംഘനങ്ങളുണ്ടെങ്കിൽ അവയുടെ തോത്, ആയത് മൂലമുള്ള സുരക്ഷ സംബന്ധമായ വിഷയങ്ങൾ കൂടി കണക്കിലെടുത്ത്കൊണ്ട് ടി നിർമ്മാണം ക്രമവൽക്കരിക്കാവുന്നതാണോ എന്ന തീരുമാനം സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കുന്ന മൂന്നംഗ കമ്മിറ്റിക്ക് കൈക്കൊള്ളാൻ കഴിയും. |
| (ഡി) | കെട്ടിട നിർമ്മാണ ചട്ടത്തിലെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 220 ബി പ്രകാരമുള്ള വയലേഷനാണ് സാധാരണക്കാരന് ഇളവ് ചെയ്ത് കിട്ടേണ്ടതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) | നിലവിലെ പഞ്ചായത്ത് ക്രമവത്ക്കരണ ചട്ടങ്ങളിലെ ചട്ടം 6(4) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 220(ബി) ലംഘിക്കുന്ന നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ സാധിക്കുകയില്ല. |
| (ഇ) | പ്രസ്തുത നിയമത്തിന് ഇളവ് കൊടുക്കുമോയെന്നു വ്യക്തമാക്കാമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ